"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് — തദ്ദേശ സ്വയംഭരണ വകുപ്പ് സൗത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. നിഷ. എ. യുടെ ഇൻഫർമേഷൻ കേരള മിഷനിലെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1509/2026/LSGD തീയതി,തിരുവനന്തപുരം, 13-08-2026

---

പരാമർശം:-
1. 08/08/2024 ലെ സ.ഉ(സാധാ) 1471/2024/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
2. 26/08/2025 ലെ സ.ഉ(സാധാ) 2118/2025/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18-07-2026 തീയതിയിലെ LSGD/PD/21420/2026-DEA6 നമ്പർ കത്ത്
4. ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ 24.07.2026 ലെ 3138/E3/2025/IKM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിലെ അസിസ്റ്റന്റ് എൻജിനീയറായ ശ്രീമതി. നിഷ. എ. യെ പരാമർശം (1) പ്രകാരം ഇൻഫർമേഷൻ കേരള മിഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഡൊമൈൻ എക്സ്പെർട്ടായി നിയമിച്ച് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം ടിയാരിയുടെ അന്യത്ര സേവന കാലാവധി 08.08.2025 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയിരുന്നു.

ശ്രീമതി. നിഷ. എ. യുടെ അന്യത്ര സേവന കാലാവധി 08/08/2026 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് തടസ്സമില്ല എന്ന്തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ടെന്നും കെ-സ്മാർട്ട് സോഫ്റ്റ്വെയറിലെ ബിൽഡിംഗ് പെർമിറ്റ് മൊഡ്യൂളുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട സാങ്കേതിക വികസനങ്ങളും അപ്ഡേഷനുകളും നിലവിൽ ഇൻഫർമേഷൻ കേരള മിഷനിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ബിൽഡിംഗ് പെർമിറ്റ് മൊഡ്യൂളിന്റെ സുഗമമായ പ്രവർത്തനത്തിനും തുടർ വികസനത്തിനുമായി 07/08/2026 ൽ ശ്രീമതി. നിഷ. എ. യുടെ അന്യത്ര സേവന കാലാവധി അവസാനിക്കുന്ന സാഹചര്യം കണക്കിലെടുത്തു ഒരു വർഷം കൂടി അന്യത്ര സേവന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് നൽകണമെന്നും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇൻഫർമേഷൻ കേരള മിഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഡൊമൈൻ എക്സ്പെർട്ടായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി. നിഷ. എ യുടെ അന്യത്ര സേവന കാലാവധി 08/08/2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിത റ്റി.ആർ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ ഡയറക്ടറേറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ശ്രീമതി. നിഷ എ., അസിസ്റ്റന്റ് എൻജിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ് സൗത്ത് സർക്കിളിലെ സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസ്
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
വിവരസാങ്കേതിക വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/138/2026/LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 13-08-2026
15:16:22

സെക്ഷൻ ഓഫീസർ